LIBRARY ARCHIVES Kerala Legislative Assembly

പട്ടയവിതരണവും കൈവശവകാശരേഖയും

288(2644) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി താലൂക്കിൽ വിവിധ വില്ലേജുകളിലായി പട്ടയം ലഭിക്കുന്നതിനും കൈവശാവകാശ രേഖ ലഭിക്കുന്നതിനുമായി എത്ര അപേക്ഷകളുണ്ടെന്ന വിവരം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓരോ അപേക്ഷയിന്മേലും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

210 ലാൻഡ് അസൈൻമെന്റ് പട്ടയ അപേക്ഷകളിൽ 40 എണ്ണത്തിൽ നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ള 50 അപേക്ഷകളിൽ പഞ്ചായത്തിൽ നിന്നും NOC ലഭിക്കാത്തതിനാലും 40 അപേക്ഷകളിൽ വ്യവസ്ഥകൾ പാലിക്കാത്തതിനാലും 80 അപേക്ഷകളിൽ വില്ലേജ് ഓഫീസിൽനിന്നും റിപ്പോർട്ട് ലഭിക്കാത്തതിനാലും നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. മിച്ചഭൂമി പട്ടയങ്ങൾ മുൻപ് അനുവദിച്ചിട്ടുള്ളതിനാൽ നിലവിലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിന് മുൻ പതിവുകാരുടെ പട്ടയം റദ്ദ് ചെയ്യേണ്ടതിനാൽ ആയത് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 369 കൈവശരേഖ അപേക്ഷകളിലും സംയുക്ത പരിശോധന നടത്തി അർഹരായവരുടെ വിവരങ്ങൾ ഗ്രാമിൽ മാപ്പിൽ അപ്‌ലോഡിംഗ് ചെയ്യുന്ന നടപടി പുരോഗമിച്ചുവരുന്നു. ആയത് പൂർത്തിയാക്കി കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

വിതരണം ചെയ്ത പട്ടയങ്ങൾ

289(2645) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ കാലയളവിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണവും ഭൂവിസ്തൃതിയും ജില്ല തിരിച്ച് വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	ജില്ല	പട്ടയം	ഭൂവിസ്തൃതി (ha)
1	തിരുവനന്തപുരം	2702	44.6000
2	കൊല്ലം	2324	24.0706
3	പത്തനംതിട്ട	752	58.6261
4	ആലപ്പുഴ	1167	64.4967
5	കോട്ടയം	826	36.9757
6	ഇടുക്കി	35095	6182.7261
7	എറണാകുളം	5305	562.8966
8	തൃശ്ശൂർ	38532	122.6589
9	പാലക്കാട്	16234	2081.7645
10	മലപ്പുറം	26378	29.34641
11	കോഴിക്കോട്	10280	8.5534
12	വയനാട്	3175	21.9473
13	കണ്ണൂർ	10171	1469.1199
14	കാസർകോട്	9294	213.9449
		162235	10921.72711

(ബി) എത്ര കൈവശ കൃഷിക്കാർക്കും എത്ര ഭൂരഹിതർക്കുമാണ് പട്ടയം നൽകിയതെന്ന് വിശദമാക്കാമോ?

52046 കൈവശകൃഷിക്കാർക്കും 23327 ഭൂരഹിതർക്കും പട്ടയം നൽകിയിട്ടുണ്ട്.

(സി) പട്ടയം നൽകിയ ഇനത്തിൽ എത്ര തുക സർക്കാരിന് ലഭിച്ചുവെന്ന് വിശദമാക്കാമോ?

പട്ടയം നൽകിയ ഇനത്തിൽ 9,34,95,317.70 (ഒൻപത് കോടി മുപ്പത്തിനാലുലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി മുന്നൂറ്റി പതിനേഴ് രൂപ എഴുപത് പൈസ) സർക്കാരിന് ലഭിച്ചിട്ടുണ്ട്.

പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം

290(2646) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ പ്രകൃതി ദുരന്തങ്ങൾ കാരണം കഷ്ടത അനുഭവിച്ചവർക്ക് എത്ര തുക നഷ്ടപരിഹാരമായി നൽകാൻ സാധിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിന്മേലാണ് പ്രസ്തുത തുക അനുവദിച്ചതെന്നും അറിയിക്കാമോ;

പ്രകൃതിദുരന്ത ധനസഹായം നൽകുന്നതിന്റെ വിവരങ്ങൾ മണ്ഡലാടിസ്ഥാനത്തിൽ നിലവിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) വീടിന്റെ സുരക്ഷയ്ക്ക് കെട്ടിയ മതിലുകൾ, റീ-ടെയിനിംഗ് വാളുകൾ എന്നിവ കനത്ത മഴയിൽ തകർന്ന്, വീടിന് കനത്ത ഭീഷണി നേരിട്ടവർക്ക് നഷ്ടപരിഹാരം നൽകാൻ സാധിക്കുമോ; എങ്കിൽ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

&

(സി) ഉയർന്ന പ്രദേശങ്ങളിൽ സംഭവിക്കുന്ന ഇത്തരം അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകാനുള്ള പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

വീടിന്റെ സുരക്ഷയ്ക്ക് കെട്ടിയ മതിലുകൾ, റീ-ടെയിനിംഗ് വാളുകൾ എന്നിവ മഴയിൽ തകർന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം ധനസഹായം വിതരണം ചെയ്യാൻ സാധിക്കുകയില്ല.

(ഡി) പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട നാശനഷ്ടക്കണക്ക് തയ്യാറാക്കുന്നതിനായി ഏതൊക്കെ സാങ്കേതിക വിഭാഗങ്ങൾക്കാണ് കൈമാറുന്നത് എന്നറിയിക്കാമോ?

നാശനഷ്ട കണക്ക് തയ്യാറാക്കാൻ അതത് തദ്ദേശസ്വയംഭരണ സ്ഥാപന എഞ്ചിനീയർമാർക്കാണ് കൈമാറുന്നത്.

LIBRARY ARCHIVES Kerala Legislative Assembly